**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1066** **07-12-2022 - ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങൾ വരുത്തുന്ന കൃഷിനാശം തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | പെരുമ്പാവൂർ മണ്ഡലത്തിലെ വേങ്ങൂർ, കൂവപ്പടി, മുടക്കുഴ പഞ്ചായത്തുകളിലെ ജനവാസ മേഖലകളിൽ വന്യമൃഗങ്ങൾ കൃഷിനാശം ഉണ്ടാക്കുന്നത് തടയുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത പഞ്ചായത്തുകളിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുവാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | മലയാറ്റൂർ ഡിവിഷനു കീഴിലെ പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ വേങ്ങൂർ, കൂവപ്പടി പഞ്ചായത്തുകളിലെ വനമേഖലയോട് ചേർന്ന പ്രദേശങ്ങളിൽ കാട്ടാനയുൾപ്പെടെയുള്ള വന്യജീവികൾ ജനവാസമേഖലകളിലിറങ്ങി കാർഷിക വിളകൾക്കും, വളർത്തു മൃഗങ്ങൾക്കും നാശം വരുത്തുന്ന സംഭവങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. മുടക്കുഴ പഞ്ചായത്ത് പ്രദേശങ്ങളിൽ വന്യമൃഗശല്യം കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഇപ്രകാരമുള്ള വന്യജീവി ആക്രമണം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>1) വന്യജീവി ആക്രമണ സാധ്യതയുള്ള പ്രദേശങ്ങളിൽ ഫലപ്രദമായി പട്രോളിംഗ് നടത്തി വന്യജീവികൾ ജനവാസ മേഖലയിൽ ഇറങ്ങുന്നത് പരമാവധി ലഘൂകരിക്കുന്നതിന് ശ്രമിച്ചുവരുന്നു. ഡിവിഷൻ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്പെഷൽ ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സിന്റെയും, മേക്കപ്പാല ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫുകളെയും, താൽകാലിക വാച്ചർമാരെയും ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള സ്ക്വാഡുകളുടെയും സേവനം ഇതിനായി ഉപയോഗപ്പെടുത്തി വരുന്നു.<br>(2) ടി പഞ്ചായത്തുകളിലെ വന്യജീവി ആക്രമണ സാധ്യത കൂടുതലുള്ള പ്രദേശങ്ങളിൽ സൗരോർജ്ജ വേലികൾ നിർമ്മിച്ച് വന്യജീവികൾ ജനവാസ മേഖലയിലേക്ക് ഇറങ്ങുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടി സൗരോർജ്ജവേലികൾ താൽകാലിക വാച്ചർമാരുടെ സേവനം പ്രയോജനപ്പെടുത്തി പരിപാലിച്ചുവരുന്നു. റോഡിന് ഇരുവശവുമുള്ള അടിക്കാടുകൾ വെട്ടിമാറ്റി Vista Clearance ദൃശ്യയോഗ്യമാക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിച്ചുവരുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ 72 ഹെക്ടർ പ്രദേശത്ത് ഇപ്രകാരം Vista Clearance നടത്തുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ കോടനാട് റെയിഞ്ചിന്റെ പരിധിയിൽ വരുന്ന പ്രസ്തുത പ്രദേശങ്ങളിൽ നബാർഡ് പ്രൊജക്ടിൽ ഉൾപ്പെടുത്തി വന്യജീവി പ്രതിരോധത്തിന് കൂടുതൽ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുള്ള സൗരോർജ്ജ തൂക്കുവേലി നിർമ്മിക്കുന്നതിനുള്ള പ്രപ്പോസൽ തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചു വരുന്നു.<br><br>3) കർഷകർ, ജനപ്രതിനിധികൾ, എന്നിവരുമായി ആശയ വിനിമയം നടത്തി വന്യമൃഗ ശല്യത്തിന് പരിഹാരം കാണുന്നതിനായി ജനജാഗ്രതാ സമിതികൾ വിളിച്ചുചേർത്ത് ടി യോഗങ്ങളിലെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. വന്യജീവി ആക്രമണത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് ലഭിക്കുന്ന അപേക്ഷകളിൻമേൽ സമയബന്ധിതമായി ഫീൽഡ് പരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് അർഹരായവർക്ക് അപേക്ഷ ലഭ്യമാക്കുന്നതിന്റെ മുൻഗണനാക്രമത്തിൽ നഷ്ടപരിഹാരം നൽകി വരുന്നു. |
| (ബി) | വന്യമൃഗങ്ങളുടെ ആക്രമണങ്ങൾക്ക് ഇരയാകുന്ന പട്ടിക വിഭാഗക്കാർക്ക് വകുപ്പ് നൽകിയിരുന്ന ഇൻഷ്വറൻസ് പരിരക്ഷ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഇൻഷ്വറൻസ് പരിരക്ഷയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; ഇൻഷ്വറൻസ് പരിരക്ഷ ഇല്ലെങ്കിൽ ആയത് നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | വനത്തിനുള്ളിലും വനാതിർത്തികളിലും താമസിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സർക്കാർ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നു. വനത്തിനുള്ളിലും വനാതിർത്തികളിലും താമസിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഇടിമിന്നലേറ്റുള്ള മരണം, മുങ്ങി മരണം, മരത്തിൽ നിന്നുള്ള വീഴ്ച, ഭക്ഷ്യവിഷബാധ, വൈദ്യുതാഘാതം, മോട്ടോർ വാഹന അപകടം, വന്യജീവി ആക്രമണം, പാമ്പുകടി എന്നിവ കാരണമുള്ള മരണത്തിനും, സ്ഥായിയായ അംഗവൈകല്യത്തിനും 1,00,000/- രൂപയും അപകടത്തെ തുടർന്നുള്ള ആശുപത്രി ചികിത്സയ്ക്ക് 5,000/- രൂപയും ആശുപത്രി യാത്ര ചെലവിന് 1000/- രൂപയും, വന്യജീവി ആക്രമണം മൂലമോ, പ്രകൃതിക്ഷോഭം മൂലമോ വീടുകൾക്ക് കേടുപാടുകൾ ഉണ്ടായാൽ 5000/- രൂപയും ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>മേല്പറഞ്ഞവ കൂടാതെ വനത്തിന് പുറത്ത് താമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത ആളുകൾക്ക് വന്യജീവി ആക്രമണം മൂലമുള്ള അപകട മരണത്തിന് 1,00,000/- രൂപയും, ആശുപത്രി ചികിത്സാ ചെലവിനായി 5000/- രൂപയും ഈ ഇൻഷ്വറൻസ് |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ പരിധി ഒരു വർഷം പരമാവധി അഞ്ച് ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഈ ഇൻഷ്വറൻസ് പദ്ധതിയുടെ കാലാവധി 25.09.2021 വരെ ആയിരുന്നു. ആയത് കൂടുതൽ ഫലപ്രദമായ രീതിയിൽ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ